കുട്ടിയും പൂമ്പാറ്റയും

വര: കെ പി മുരളീധരൻ

എഴുത്ത്: ജറ

എഡിറ്റോറിയൽ ടീം
കെ ടി രാധാകൃഷ്ണൻ *(ചീഫ് എഡിറ്റർ)*,
ജനു *(എക്സിക്യൂട്ടീവ് എഡിറ്റർ)*
ഇ എൻ ഷീജ, അനിത സി കെ,
സി എം മുരളീധരൻ, കെ പാപ്പൂട്ടി
രൂപകൽപന: ജനു, ശ്രീലേഷ് കുമാർ

ഒന്നാം പതിപ്പ്: ഫെബ്രുവരി 2020
രണ്ടാം പതിപ്പ്: ഏപ്രിൽ 2022
പ്രസാധനം, വിതരണം:
കേരള ശാസ്ത്രസാഹിത്യ പരിഷത്ത്, തൃശ്ശൂർ 680004
e mail: publicationkssp@gmail.com
അച്ചടി: തെരേസ്സ ഓഫ്സെറ്റ് പ്രിന്റേഴ്സ്, അങ്കമാലി
വില (സെറ്റ്): ₹.1800
KSSP 2707 IIE APR 22 1800 2K FT 1092/20

കുട്ടിയും
പൂമ്പാറ്റയും

വര: കെ പി മുരളീധരൻ
എഴുത്ത്: ജനു

കേരള
ശാസ്ത്രസാഹിത്യ
പരിഷത്ത്

കുട്ടി അമ്മയോട്
പിണങ്ങി
ഇരിക്കുകയാണ്.

അപ്പോൾ
ചായം പൂശിയ
ചിറകുമായി
ഒരു പൂമ്പാറ്റ
പാറിവന്നു

പൂക്കളുടെ നിറമുള്ള
പൂമ്പാറ്റച്ചിറകിൽ
നോക്കിയപ്പോൾ കുട്ടിക്ക്
സന്തോഷമായി

കുട്ടി പിണക്കം മറന്നു
കുട്ടി സങ്കടം മറന്നു

കുട്ടി ചിരിച്ചു

പൂമ്പാറ്റയും
ചിരിച്ചു

എനിക്കും വേണം

ചിറക്

പൂനിറമുള്ള പൂപോലുള്ള

പൂഞ്ചേലുള്ള ചിറക്

എന്തിനാ?

പറക്കാനാണോ?

പറക്കാനെങ്കിൽ

എന്റെ
പുറത്തുകയറൂ

ഞാൻ നിന്നേയും കൊണ്ട്

പറപറക്കാം

പൂമ്പാറ്റ പറഞ്ഞു

പറക്കാനല്ല,

പറപറന്ന്

പോകാനല്ല

എനിക്ക്
ചായം
തേക്കണം,
മേല് നിറയെ

നിനക്ക് ആരാ

ചായം തരുന്നത്?

പൂക്കൾ

എന്റെ കൂടെ വരൂ

പൂക്കൾ കാണാം

പൂമണം നുകരാം

പൂനിറം വാങ്ങാം

കുട്ടിക്ക് പൂക്കൾ കാണാൻ

കൊതിയായി

പൂമ്പാറ്റ അവളെ

പുറത്തുകയറ്റി

പൂന്തോട്ടത്തിലേക്ക്

പറന്നു

അഞ്ചുവയസ്സ് വരെ ഉള്ളവർക്ക്
കാണാനും പറയാനും വായിച്ചുകേൾക്കാനും

അഞ്ചുവയസ്സിനു മുകളിലുള്ളവർക്ക്
കാണാനും വായിച്ചുതുടങ്ങാനും

കുട്ടിയും പൂമ്പാറ്റയും

വര: കെ പി മുരളീധരൻ
കൊല്ലം കായംകുളം സ്വദേശി. ചിത്രകാരൻ, ആനിമേറ്റർ, ഡിസൈനർ. മലയാളത്തിൽ ഗ്രാഫിക് നോവലുകൾക്ക് തുടക്കമിട്ടു. ആനുകാലികങ്ങളിൽ വരയ്ക്കുന്നു.

എഴുത്ത്: ജനു
കുട്ടികൾക്ക് വേണ്ടി കഥകളും ലേഖനങ്ങളും എഴുതുന്നു. യുറീക്ക പത്രാധിപരായിരുന്നു. ഇപ്പോൾ പത്രാധിപസമിതി അംഗം. കണ്ണൂർ കോളയാട് സ്വദേശി, കോഴിക്കോട് താമസിക്കുന്നു.

പൂഞ്ചിറകുകളുമായി
വന്ന പൂമ്പാറ്റയോടൊപ്പം
കുട്ടി പറന്നു.
എങ്ങോട്ട്? എങ്ങനെ?

പറന്ന്.... പറന്ന്... പറന്ന്...

കേരള
ശാസ്ത്രസാഹിത്യ
പരിഷത്